Passed on 12-08-2021

# 2021-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ

(നിയമസഭ പാസ്സാക്കിയ പ്രകാരമുള്ളത്)

## 2021-2022 സാമ്പത്തിക വർഷത്തേക്കുള്ള കേരള സർക്കാരിന്റെ ചില ധനകാര്യ നിർദ്ദേശങ്ങൾക്ക് പ്രാബല്യം നൽകുന്നതിനുള്ള

ഒരു

ബിൽ

പീഠിക.— 2021-2022 സാമ്പത്തിക വർഷത്തേക്കുള്ള കേരള സർക്കാരിന്റെ ചില ധനകാര്യ നിർദ്ദേശങ്ങൾക്ക് പ്രാബല്യം നൽകുന്നതിനുവേണ്ടി 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റും (1994-ലെ 13) 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റും (1994-ലെ 20) വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിരണ്ടാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2021-ലെ കേരള ധനകാര്യ (2-ാം നമ്പർ) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2021 ജൂൺ 10-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 1994-ലെ 13-ാം ആക്റ്റിന്റെ ഭേദഗതി.— 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ (1994-ലെ 13),—

(1) 2-ാം വകുപ്പിൽ, (xviii) -ാം ഖണ്ഡത്തിനു ശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത് :—

" (xviii എ) 'ഹരിത കെട്ടിടം' എന്നാൽ ഊർജ്ജം, ജലം, മറ്റ് വിഭവങ്ങൾ എന്നിവയുടെ ഉപയോഗത്തിൽ കാര്യക്ഷമമായതും, പുനരുൽപ്പാദിപ്പിക്കാവുന്ന ഊർജ്ജത്തിന്റെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതും, മലിനീകരണം കുറയ്ക്കുന്നതും, മാലിന്യ ഉത്പാദനം കുറയ്ക്കുന്നതും, മാലിന്യങ്ങളുടെ വേർതിരിക്കൽ, പുനരുപയോഗം, റീസൈക്ലിംഗ് എന്നിവ പ്രോത്സാഹിപ്പിക്കുന്നതും, ഊർജ്ജകാര്യക്ഷമത പരമാവധി

നല്കുന്നതും, പ്രകൃതി വിഭവങ്ങൾ സംരക്ഷിക്കുന്നതും, അധിവസിക്കുന്നവർക്ക് ആരോഗ്യകരമായ ഇടങ്ങൾ നൽകുന്നതും, ഉയർന്ന പാരിസ്ഥിതിക നിലവാരം പുലർത്തുന്നതും, രൂപകൽപ്പന, നിർമ്മാണം, പ്രവർത്തനം, നവീകരണം, ജീവിത ചക്രം എന്നീ തലങ്ങളിൽ പരിസ്ഥിതി, അധിവസിക്കുന്നവരുടെ ജീവിതമേന്മ എന്നിവ പരിഗണിക്കുന്നതും വിഷരഹിതവും നൈതികവും നിലനിൽക്കുന്നതുമായ വസ്തുക്കളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതും, മാറുന്ന പരിസ്ഥിതിക്ക് അനുരൂപമാകുന്നതും, സുസ്ഥിരമായ ഒരിടത്തിൽ നിർമ്മിച്ചിരിക്കുന്നതും, കാലാവസ്ഥയെ പ്രതിരോധിക്കുന്ന തരത്തിൽ രൂപകൽപ്പനയോ നിർമ്മാണമോ നടത്തിയിരിക്കുന്നതുമായ കെട്ടിടം എന്നർത്ഥമാകുന്നു:

എന്നാൽ സർക്കാരിന് കാലാകാലങ്ങളിൽ, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള മറ്റ് പരിസ്ഥിതി സൗഹൃദ കെട്ടിടങ്ങളെ ഹരിത കെട്ടിടങ്ങളായി പ്രഖ്യാപിക്കാവുന്നതാണ്.

വിശദീകരണം:— ഏതൊരു വിനിയോഗ ഗണത്തിലുള്ള കെട്ടിടവും 'ഹരിത കെട്ടിടം' എന്നതിന്റെ നിർവ്വചനത്തിൽ വരാവുന്നതാണ്.";

(2) 203-ാം വകുപ്പിൽ, (7)-ാം ഉപവകുപ്പിലെ, (vi)-ാം ഖണ്ഡത്തിന് ശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത് :—

"(vi എ) 2-ാം വകുപ്പ് (xviii എ) ഖണ്ഡത്തിൽ വ്യക്തമാക്കിയിട്ടുള്ള ഹരിത കെട്ടിടം.".

3. 1994-ലെ 20-ാം ആക്റ്റിന്റെ ഭേദഗതി.—1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിലെ (1994-ലെ 20),—

(1) 2-ാം വകുപ്പിൽ, (18)-ാം ഖണ്ഡത്തിനു ശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത് :—

"(18 എ) 'ഹരിത കെട്ടിടം' എന്നാൽ ഊർജ്ജം, ജലം, മറ്റ് വിഭവങ്ങൾ എന്നിവയുടെ ഉപയോഗത്തിൽ കാര്യക്ഷമമായതും, പുനരുൽപ്പാദിപ്പിക്കാവുന്ന ഊർജ്ജത്തിന്റെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതും, മലിനീകരണം കുറയ്ക്കുന്നതും, മാലിന്യ ഉത്പാദനം കുറയ്ക്കുന്നതും, മാലിന്യങ്ങളുടെ വേർതിരിക്കൽ, പുനരുപയോഗം, റീസൈക്ലിംഗ് എന്നിവ പ്രോത്സാഹിപ്പിക്കുന്നതും, ഊർജ്ജ കാര്യക്ഷമത പരമാവധി നൽകുന്നതും, പ്രകൃതി വിഭവങ്ങൾ സംരക്ഷിക്കുന്നതും, അധിവസിക്കുന്നവർക്ക് ആരോഗ്യകരമായ ഇടങ്ങൾ നൽകുന്നതും, ഉയർന്ന പാരിസ്ഥിതിക നിലവാരം

പുലർത്തുന്നതും, രൂപകൽപ്പന, നിർമ്മാണം, പ്രവർത്തനം, നവീകരണം, ജീവിത ചക്രം എന്നീ തലങ്ങളിൽ പരിസ്ഥിതി, അധിവസിക്കുന്നവരുടെ ജീവിതമേന്മ എന്നിവ പരിഗണിക്കുന്നതും വിഷരഹിതവും നൈതികവും നിലനിൽക്കുന്നതുമായ വസ്തുക്കളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതും, മാറുന്ന പരിസ്ഥിതിക്ക് അനുരൂപമാകുന്നതും, സുസ്ഥിരമായ ഒരിടത്തിൽ നിർമ്മിച്ചിരിക്കുന്നതും, കാലാവസ്ഥയെ പ്രതിരോധിക്കുന്ന തരത്തിൽ രൂപകൽപ്പനയോ നിർമ്മാണമോ നടത്തിയിരിക്കുന്നതുമായ കെട്ടിടം എന്നർത്ഥമാകുന്നു:

എന്നാൽ സർക്കാരിന് കാലാകാലങ്ങളിൽ, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള മറ്റ് പരിസ്ഥിതി സൗഹൃദ കെട്ടിടങ്ങളെ ഹരിത കെട്ടിടങ്ങളായി പ്രഖ്യാപിക്കാവുന്നതാണ്.

വിശദീകരണം:—ഏതൊരു വിനിയോഗ ഗണത്തിലുള്ള കെട്ടിടവും 'ഹരിത കെട്ടിടം' എന്നതിന്റെ നിർവ്വചനത്തിൽ വരാവുന്നതാണ്." ;

(2) 233-ാം വകുപ്പിൽ, (7)-ാം ഉപവകുപ്പിലെ (vi)-ാം ഖണ്ഡത്തിന് ശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത് :—

"(vi എ) 2-ാം വകുപ്പിൽ (18 എ) ഖണ്ഡത്തിൽ വ്യക്തമാക്കിയിട്ടുള്ള ഹരിത കെട്ടിടം".

4. സാധൂകരണം.—(1) 2021-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ (പതിനാലാം കേരള നിയമസഭയുടെ 281 -ാം നമ്പർ ബിൽ) (ഇതിനുശേഷം പ്രസ്തുത ബിൽ എന്നാണ് പരാമർശിക്കപ്പെടുക) കാലഹരണപ്പെടുകയും പ്രസ്തുത ബില്ലിലെ പ്രഖ്യാപിത വ്യവസ്ഥകൾക്ക് നിയമപ്രാബല്യം ഇല്ലാതായിത്തീരുകയും ചെയ്തിരുന്നാൽ തന്നെയും പ്രസ്തുത ബിൽ പ്രകാരം ഭേദഗതി ചെയ്യപ്പെട്ട 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലോ (1994-ലെ 13) 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിലോ (1994-ലെ 20) പ്രസ്തുത ബില്ലിലെ പ്രഖ്യാപിത വ്യവസ്ഥകൾ അനുസരിച്ച് 2021 ഏപ്രിൽ 1-ാം തീയതി മുതൽ 2021 ജൂൺ 9-ാം തീയതി വരെയുള്ള കാലയളവിൽ, ചെയ്ത ഏതെങ്കിലും കാര്യമോ എടുത്ത ഏതെങ്കിലും നടപടിയോ എല്ലാ ആവശ്യങ്ങൾക്കും എല്ലായ്പ്പോഴുമോ പ്രസ്തുത ഭേദഗതികളെല്ലാം പ്രസക്തമായ എല്ലാ കാലങ്ങളിലും പ്രാബല്യത്തിലുണ്ടായിരുന്നുവെന്നപോലെ ബന്ധപ്പെട്ട ആക്റ്റുകളിലെ വ്യവസ്ഥകൾ പ്രകാരം സാധുവായും ഫലപ്രദമായും ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

(2) പ്രസ്തുത ബില്ലിലെ പ്രഖ്യാപിത വ്യവസ്ഥകൾ നിലവിലുണ്ടായിരുന്ന 2021 ഏപ്രിൽ 1-ാം തീയതി മുതൽ 2021 ജൂൺ 9-ാം തീയതി വരെയുള്ള കാലയളവിൽ, ബന്ധപ്പെട്ട ആക്റ്റുകളിൽ എന്തുതന്നെ അടങ്ങിയിരുന്നാലും പ്രസ്തുത ബില്ലിലെ വ്യവസ്ഥകൾ അനുസരിച്ച് ചെയ്ത ഏതെങ്കിലും കാര്യമോ എടുത്ത ഏതെങ്കിലും നടപടിയോ ബന്ധപ്പെട്ട ആക്റ്റുകൾ പ്രകാരം സാധുവായി ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

---